മിസ്റ്റർ എം. രാമൻമേനോൻ: ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു് കിട്ടിയവിലക്കു് കൊടുക്കണമെന്നാണോ? കിട്ടിയവിലക്കു കൊടുക്കുകയാണെങ്കിൽ വളരെ സുഖമായി.

Panel Chairman: He is not quite sure.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഒരു ലേലക്കാരന്റെ കയ്യിൽ എത്ര ഷാപ്പുണ്ടെന്നും അതു് എങ്ങിനെവന്നവെന്നും പറഞ്ഞാൽ മതി.

Panel Chairman: What the Hon'ble Member said is that every shop is separately auctioned.

Mr. K. S. Panicker *(Ezhuvas-Mukundapuram)*: I want to know only this thing.

Panel Chairman: It has been sufficiently explained that shops are sold only separately. When shops are not taken separately it so happens that somebody who has taken one shop may take other shops also. In the first instance the shops are sold separately.

Mr. K. R. Viswambharan *(Ezhuvas-Talappalli)*: In the course of the reply of the Excise Commissioner, it was stated that in some cases after the auction is conducted and it is found that it has not fetched the sufficiently high standard, they used to call for tenders, or to approach people and receive tenders.

Mr. M. Raman Menon *(Commissioner of Excise)*: I never said that we call for tenders.

Mr. K. R. Viswambharan *(Ezhuvas-Talappalli)*: Then, am I to take it that in the past 3 years those shops were auctioned and entrusted to those people who bid them at the auction?

Mr. M. Raman Menon *(Commissioner of Excise)*: I can assure the House that no tender was accepted.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ബഹുമാനപ്പെട്ട എക്സൈസ്സ് കമ്മീഷണർ അവർകളും പറഞ്ഞു കുറെ ഷാപ്പുകളും ഒറ്റക്കു് ലേലംവിളിച്ചുവെന്നും, കുറെ ഷാപ്പുകളും ലേലം വിളിച്ചില്ലായെന്നും.

പാനൽചെയർമാൻ: അങ്ങിനെയല്ല പറഞ്ഞതു്. ഷാപ്പുകളും ലേലംവിളിക്കുവാൻ വരുന്ന ആളുകളും വലിയ ഷാപ്പുകളും വിളിക്കാതെ ചെറിയ ഷാപ്പുകളാണു് അധികം വിളിക്കുന്നതെന്നാണു് പറഞ്ഞതു്. ചെറിയ ഷാപ്പുകൾമാത്രം ലേലം വിളിക്കുന്നതായാൽ വലിയ ഷാപ്പുകളും വിളിക്കുന്ന ആൾക്കു് നഷ്ടം വരും.

Mr. M. Raman Menon *(Commissioner of Excise)*: There is also this contingency. Suppose all the shops are auctioned one man can at the time of the auction bid for any number of shops. There is no objection. Anybody can do that.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇതിന്റെ പരമാർത്ഥം ഞാൻ ഇവിടെ പറഞ്ഞതാണു്. പക്ഷെ എക്സൈസ്സ് കമ്മീഷണർ പറയുന്നതു വിശ്വസിക്കാതെ കഴിയുമോ? ഞാൻ ചത്തുവെന്നു് ചീഫ് മെഡിക്കൽ ആഫീസ്സർ സർട്ടിഫൈചെയ്താൽ വാസ്തവത്തിൽ ഞാൻ ചത്തിട്ടില്ലെങ്കിലും ചത്തുവെന്നു് വിശ്വസിക്കാതെ കഴിയുകയില്ല. അതുപോലെ ബഹുമാനപ്പെട്ട എക്സൈസ്സ് മെമ്പർ ഇങ്ങിനെ പറയുന്നതുകൊണ്ടു് അതു വിശ്വസിക്കാതെ നിവൃത്തിയില്ല. അതുകൊണ്ടു് മേലാൽ ഇന്ദ്രജാലവും, മഹേന്ദ്രജാലവുമൊക്കെ വരാതെയിരിക്കുവാനായി എക്സൈസ്സ് കമ്മീഷണർ അവർകളും ശ്രദ്ധിക്കണമെന്നും, ഞാൻ പറഞ്ഞ സംഗതികളൊക്കെ മനസ്സിലാക്കി അതിൽ ദൃഷ്ടിവെക്കണമെന്നും അപേക്ഷിച്ചുകൊണ്ടു് ഈ നിയമസഭയുടെ അനുവാദത്തോടുകൂടി ഞാൻ ഇതു പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn

CUT MOTION No. 2

For giving free permission for Sweet toddy tapping

***Mr. B. M. Peter** *(Latin-Christians-Mattancheri)*: To reduce the allotment of Rs. 14,053 for the Excise Commissioner's Office Establishment by Re. 1* (ചക്കരക്കള്ളു ചെത്തുവാൻ ഉദ്ദേശിക്കുന്നവർ വൃക്ഷങ്ങളുടെ എണ്ണം കാണിച്ചു ഒരു മാസത്തേക്കു മുമ്പായി എക്സൈസ്സ് കമ്മീഷണർ അവർകൾക്കു അറിവുകൊടുക്കുന്നതായാൽ യാതൊരു തടസ്സവും പറയാതെ ആയതു അനുവദിക്കേണ്ടതാണെന്ന ബഹുമാനപ്പെട്ട ഗവണ്മെണ്ടിനെ ഉൽബോധിപ്പിക്കുവാൻ). സർ, എന്റെ ഈ ഉപക്ഷേപത്തിൽ പറയുന്ന സംഗതികളുടെ തത്വം ഗവണ്മെണ്ടു് ഇതിനുമുമ്പു് സ്വീകരിച്ചിട്ടുള്ള ഒന്നാണു്. ഇവിടെ ചക്കരക്കള്ളു വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ചക്കരക്കള്ളു ചെത്തുന്നവർക്കു സൌജന്യമായി ലൈസൻസ്സു അനുവദിച്ചു കൊടുക്കണമെന്നുള്ളതു് ഗവണ്മെണ്ടു് തീരുമാനപ്പെടുത്തികഴിഞ്ഞു. പക്ഷെ ഇങ്ങിനെ

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

യെല്ലാമാണെങ്കിലും ലൈസൻസ്സിന്റെ അപേക്ഷ കൊടുത്താൽ എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ പണിക്കർ പറഞ്ഞതുപോലെ എന്തോ ചില ഇന്ദ്രജാലങ്ങൾ ആ ഡിപ്പാർട്ട്മെണ്ടിൽ സാധാരണ കളിയാടി കാണാറുണ്ട്. ലൈസൻസു അനുവദിച്ചു പുറത്തുവരാറില്ല. ഞാൻ എന്റെ ഒരു ചെറിയ അനുഭവംതന്നെ പറയാം. ഈ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുവാൻവേണ്ടി ഞാൻ കുറെ ആളുകളോടു ഇതിന്റെ ലൈസൻസ്സിനു ആവശ്യപ്പെടുക എന്നു പറഞ്ഞതനുസരിച്ചു അവർ ലൈസൻസ്സിനു ആവശ്യപ്പെട്ടു. എന്നാൽ ഇതുവരെയും, മൂന്നുകൊല്ലം കഴിഞ്ഞിട്ടും അതു അനുവദിച്ചു പുറത്തുവന്നിട്ടില്ല. വടക്കൻ താലൂക്കുകളിൽ എന്റെ മാന്യസ്നേഹിതന്മാരുടെ ഉത്സാഹിതമായ പരിശ്രമത്തിന്റെ ഫലമായി അവിടെ ഈ വ്യവസായത്തെ കുറച്ചു പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. തെക്കൻതാലൂക്കുകളിൽ ഇതിനാവശ്യമായ തെങ്ങുതന്നെയുണ്ടോയെന്നു സംശയമാണു്.

ഞാൻ ഈ സഭയെ ധരിപ്പിക്കുന്നതു് ഇതും ഒരു കുടിൽ വ്യവസായമാണെന്നാണു്. അതുകൊണ്ടു ഈ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നുവെങ്കിൽ ധാരാളമാളുകൾക്കു പണി കൊടുക്കുവാൻ സാധിക്കുന്നതാണു്. ഇപ്പോൾ പഞ്ചസാരക്കു വില കൂടിവരുന്നു. പഞ്ചസാര കിട്ടുവാൻതന്നെ വളരെ പ്രയാസം. നമ്മുടെ രാജ്യത്തുള്ള സാധനങ്ങൾതന്നെ, അതിനൊരു ഗവേഷണം നടത്താതേയും പണച്ചിലവു ചെയ്യാതേയും, അതിലേക്കു ഉപയോഗിക്കാമെന്നുണ്ടെങ്കിൽ അതു് തീർച്ചയായും ഗവണ്മെണ്ടു് ചെയ്യേണ്ടതാണെന്നാണു് ഞാൻ പറയുന്നതു്. നമ്മുടെ രാജ്യത്തു ധാരാളം തെങ്ങുകൾ ഉണ്ടു്. ഈ തെങ്ങുകൾ നമുക്കു് എളുപ്പത്തിൽ ചെത്തിക്കുവാൻ സാധിക്കുന്നതാണു്. ഇവിടെ തൊഴിലുകൾ ഇല്ലെന്നു് മുറവിളി കൂട്ടിക്കൊണ്ടിരിക്കുന്നു. ഇതുതൊണ്ടു വലിയൊരു ജനവിഭാഗത്തിനു തൊഴിൽ കൊടുക്കുവാനും സാധിക്കും. എന്നുതന്നെയല്ല ഭക്ഷണത്തിനു പറ്റിയ ഒരു സാധനമാണിതു്. ഈ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനു ഇപ്പോഴത്തെ തടസ്ഥം നിൽത്തൽ ചെയ്യണമെന്നാണു് ഞാൻ പറയുന്നതു്. ഗവണ്മെണ്ടിനു ശരിയായി ഒരു കണക്കു സൂക്ഷിക്കുന്നതിനുവേണ്ടി, എങ്ങിനെയുള്ള ആളുകളാണു് ഇതു ചെത്തുന്നതു എന്നു കാണുന്നതിനുവേണ്ടി ഇന്നയിന്ന സ്ഥലത്തുള്ള ഇത്രതെങ്ങുകൾ, ചെത്തുവാൻപോകുന്നു എന്നുള്ള വിവരത്തിനു അതു തുടങ്ങുന്നതിനു ന. ം ദിവസത്തിനുമുമ്പു് ഒരു നോട്ടീസു ഡിപ്പാർട്ട്മെണ്ടിലേക്കയക്കുകയാണെങ്കിൽ അതു അനുവദിച്ചു കൊടുക്കണമെന്നാണു് ഞാൻ അപേക്ഷിക്കുന്നതു്.

മിസ്റ്റർ സി. വി. ഇയ്യു: മിസ്റ്റർ പീറർ പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ കൂടുതലായി എനിക്കു പറയുവാനുള്ളതു് ഇവർ യഥാർത്ഥത്തിൽ കൃഷിക്കാരും കൂടിയാണു് എന്നാണു്. ചെത്തുകാർ തീയ്യർതന്നെയായികൊള്ളണമെന്നില്ല. Sir, I have got a motion on the same lines. I may be allowed to move it together.

Mr. K. R. Viswambharan *(Ezhuvas-Talappalli):* I have also a motion standing in my name, motion No. 6.

Panel Chairman: Mr. Iyyu's motion is not the same as Mr. Peter's motion. So you will move it separately.

Mr. C. V. Iyyu *(Kunnamkulam):* Then I support the motion.

Mr. K. R. Viswambharan *(Ezhuvas-Talappalli):* My motion is identical with the motion of Mr. Peter.

Panel Chairman: You can move it separately.

മിസ്റ്റർ എം. രാമൻമേനോൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു് ഇതിനു ലൈസൻസു് കിട്ടുന്നതിനു താമസമാകുമെന്നാണു്.

മിസ്റ്റർ ബി. എം. പീറർ: കിട്ടുന്നില്ല

മിസ്റ്റർ എം. രാമൻമേനോൻ: ഇതേവരെ ആർക്കും കൊടുക്കാതിരുന്നിട്ടില്ല. സാധാരണയായിട്ടു ലൈസൻസിനു് അപേക്ഷകൾ അയച്ചാൽ അവരുടെ സമ്പ്രദായമെന്താണെന്നു് അന്വേഷിച്ചിട്ടെ അതു കൊടുക്കുകയുള്ളു. ഇപ്പോൾ ഒരു അപേക്ഷയും അനുവദിക്കേണ്ടതായിട്ടു ബാക്കിയില്ല. അപേക്ഷിച്ചിട്ടു ലൈസൻസു കിട്ടിയിട്ടില്ല എന്നുള്ളതിനു യാതൊരാക്ഷേപവുമില്ല. ഇപ്പോൾ കൊച്ചി രാജ്യത്തു് മുപ്പതിനായിരത്തിലധികം വൃക്ഷങ്ങൾ ചെത്തുന്നുണ്ടു്.

മിസ്റ്റർ ബി. എം. പീറർ: ഈ പ്രദേശത്തു എത്ര ചെത്തുന്നുണ്ടു്?

മിസ്റ്റർ എം. രാമൻമേനോൻ: മുപ്പതിനായിരം വൃക്ഷങ്ങൾ ഇപ്പോൾ ചക്കരക്കു ചെത്തുന്നുണ്ടു്. ഇപ്പോൾ പഴയ അപേക്ഷകളൊന്നും ഡിപ്പാർട്ട്മെണ്ടിൽ പെൻഡിംഗിലില്ല.

മിസ്റ്റർ ബി. എം. പീറർ: ഞാൻ ആ അപേക്ഷതന്നെ കാണിച്ചുതരാം.

LIBRARY ARCHIVES Kerala Legislative Assembly

Mr. M. Raman Menon *(Commissioner of Excise):* അങ്ങിനെ മുന്നുകൊല്ലമായിട്ടുള്ള അപേക്ഷ കൊണ്ടുവരാമോ ? They will set up other presons to apply for jaggery licenses and on enquiry by the department will be disallowed and they cannot come out now and the person who actually puts in the application may not be interested. ഇതൊക്കെയാണ് ഉള്ളിൽ നടക്കുന്നതു്.

Panel Chairman: But do you give a refusal order ?

Mr. M. Raman Menon *(Commissioner of Excise):* Yes. If there is an application, there will be a refusal order.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ചക്കരക്കള്ള ചെത്തുന്നതിൽ കമ്മീഷണർ ഒന്നു പറഞ്ഞു. ഉപക്ഷേപകത്താവു വേറെ ഒരു തരത്തിൽ പറഞ്ഞു. ചക്കരക്കള്ള ചെത്തുന്നതിനു ബ്രിട്ടീഷിൽ ലൈസൻസില്ല. കൊച്ചിയിലുണ്ടു്. അതിനുള്ള കാരണങ്ങളും പറഞ്ഞിട്ടുണ്ടു്.

Panel Chairman: Government have already spoken.

Mr. K. S. Panicker *(Ezhuvas-Mukundapuram):* But an explanation is necessary. ഞങ്ങളുടെ പ്രദേശത്തെ സംബന്ധിച്ചിടത്തോളം ലൈസൻസു കിട്ടുവാനായിട്ടു ഈ കമ്മീഷണർ വന്നതുകൊണ്ടു ബുദ്ധിമുട്ടില്ലാതെയായി കഴിഞ്ഞിട്ടുണ്ടു്. ചില സ്ഥലത്തു് ഒരു മാമൂലൊക്കെയുണ്ടു്. അതു നടത്തിയാൽ വേഗം കിട്ടും. ഇതെല്ലാം കമ്മീഷണരുടെ ശ്രദ്ധയിൽ പെടുകയില്ല. ആ മാമൂലുകളും കൊടുക്കുന്ന ആൾക്കു ലൈസൻസു വേഗം കിട്ടും.

Panel Chairman: The only question in this matter is there is delay in giving refusal order, and the Excise Commissioner says that there is no delay in giving order.

Mr. K. R. Viswambharan *(Ezhuvas-Talappalli):* The point raised by the cut motion is not the delay in granting licenses. It is to do away with the system of licensing as obtained at present. The Hon'ble Member who moved the cut motion suggested other means to give information of the fact of tapping by an anchal card or a registered cover. Sir, I may be allowed to move cut motion No. 6 along with this.

Panel Chairman: This is Mr. Iyyu's motion. Your motion has not been read here.

Mr. K. R. Viwambharan *(Ezhuvas-Talappalli):* It was stated on the floor of this House that similar motion was discussed in former years. The difficulty of the Government in giving up the licensing system is that they want to check illicit tapping. This I think is in reply to that contention raised by the Government that they have suggested that the fact of tapping will be intimated to the Excise authorities.

Mr. M. Raman Menon *(Commissioner of Excise):* There is another motion on that point.

Mr. K. R. Viswambharan *(Ezhuvas-Talappalli):* My submission is that these three motions may be allowed to be moved together.

Panel Chairman: I shall allow you to move it separately. Let us go one by one.

* മിസ്റ്റർ ബി. എം. പീറ്റർ: സർ, ഈ വകുപ്പധ്യക്ഷന്റെ മറുപടികൊണ്ടു ഞാൻ തൃപ്തിപ്പെട്ടന്നില്ല. എന്തെന്നുവെച്ചാൽ ഈ ഒരു വ്യവസായത്തിന്റെ പ്രത്യേകത നോക്കിയാൽ ഗവണ്മെണ്ടു് എല്ലാ വ്യവസായങ്ങളോടും അനുവർത്തിച്ചുപോരുന്ന നയത്തിൽ കവിഞ്ഞ ഒരു നയം ഇതിൽ സ്വീകരിക്കണമെന്നുള്ള അഭിപ്രായക്കാരനാണു് ഞാൻ. യാതൊരു മെമ്പറും എന്നെ തെറ്റിദ്ധരിക്കരുതെന്നാണു് എന്റെ അപേക്ഷ. മുന്നു കൊല്ലത്തിനുമുമ്പു് ഇതിനു ഒരു പെറ്റീഷൻ കൊടുത്തതിന്റെ പകർപ്പു് എന്റെ കയ്യിലുണ്ടു്. പക്ഷെ അതിപ്പോൾ ഞാൻ ഇവിടെ കൊണ്ടുവന്നിട്ടില്ല. പിന്നീടതു ഞാൻ കാണിച്ചുതരാം. ഈ ഉപക്ഷേപത്തിൽ ആവശ്യപ്പെട്ടിട്ടുള്ള ഒരു സമ്പ്രദായം എടുക്കാമെന്നുണ്ടെങ്കിൽ ചക്കരക്കള്ള ചെത്തു ആവശ്യമുള്ളവർക്കു അതു് എളുപ്പത്തിൽ സാധിച്ചുകൊടുപ്പാൻ കഴിയുന്നതാണു്. ഈ വ്യവസായം വികസിപ്പിക്കുന്നതിനു എന്തെല്ലാം ചെയ്യാമൊ അതൊക്കെ ഗവണ്മെൻറു് ചെയ്തുകൊടുക്കേണ്ടതാണു്. അതുകൊണ്ടു് ഈ സംഗതിയിൽ ഔദ്യോഗികവും ഗവണ്മെൻറു് ശ്രദ്ധിക്കുന്നതിനുവേണ്ടി ഞാൻ ഈ ഉപക്ഷേപം പ്രസ്സു ചെയ്യുന്നു.

Mr. M. Raman Menon *(Commissioner of Excise):* Should not the Commissioner know that he wants a license ?

Mr. B. M. Peter *(Latin-Christians-Mattancheri):* Yes. We applied.

Mr. M. Raman Menon *(Commissioner of Excise):* No application has been given to me. If there was an application sent, he would have got a reply. That application is a condition precedent. And, for the last three years, you have been sleeping over the matter.

Mr. B. M. Peter *(Latin-Christians-Mattancheri):* I press the motion.

Panel Chairman: Motion lost.

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

Mr. B. M. Peter *(Latin-Christians-Mattancheri):* A poll, Sir.

Ayes	*Noes*
1. Mr. C. K. Nayar	1. Mr. C. R. Iyyunni
2. ,, C. V. Iyyu	2. ,, E. Ikkanda Warriar
3. ,, K. R. Viswambharan	3. ,, V. K. Bhaskara Menon
4. ,, M. K. Devassy	4. ,, N. Govinda Pai
5. ,, P. Achyuta Menon	5. ,, Shabdai S. Koder
6. ,, K. S. Panicker	6. ,, V. K. Kutty
7. ,, K. M. Ibrahim	7. ,, M. Raman Menon
8. ,, K. R. Achyutan	8. ,, P. V. Raphael
9. ,, B. M. Peter	9. ,, T. Narayana Menon
10. ,, T. S. Ramachandra Ayyar	10. Dr. T. Verghese
11. ,, K. R. Ramakrishnan	11. Mr. A. Madhava Prabhu
12. ,, C. K. S. Moni	12. Rama Varmha Tampuran
13. ,, Subbarayan Chetty	13. Mr. C. J. Mathew
	14. ,, M. Siverama Menon
	15. ,, K. Karunakaran Nayar

13 For, 15 Against. Motion lost

CUT MOTION No. 3

For doing away with the licensing system in that matter of sweet toddy tapping

മിസ്റ്റർ സി. വി. ഇയ്യു: *"To reduce the allotment of Rs. 14,053 for Office Establishment, Excise—by Rs. 2. (To urge upon Government the immediate necessity to freely permit sweet toddy tapping provided the tapper intimates to the Commissioner of Excise, by a registered Anchal card the location of the palm or palms he intends tapping and to increase the number of tappable trees by one tapper to 20 instead of 10 now allowed."*

സർ, എന്റെ ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു് ഈ വ്യവസായത്തെ പുഷ്ടിപ്പെടുത്തുന്നതിനു് ധാരാളം മാറ്റങ്ങൾ ഉണ്ടാക്കേണ്ട ഒരാവശ്യത്തെ കാണിക്കുവാനാണു്. ചക്കരക്കള്ള് ചെത്തുന്ന കാര്യം ഒരു കുടിൽവ്യവസായത്തെ സംബന്ധിക്കുന്ന കാര്യം തന്നെയല്ല, അതു കൃഷിയെ സംബന്ധിക്കുന്നതും കൂടിയാണു്. എന്റെ രാജ്യത്തു്—ഞാൻ ഉൾപ്പെടുന്ന താലൂക്കിൽ—തെങ്ങുചെത്തുകളല്ല അധികം നടക്കുന്നതു്. താലൂക്കിന്റെ കിഴക്കെ ഭാഗത്തു കരിമ്പനയും പടിഞ്ഞാറെ ഭാഗത്തു ഈറ്റൻപനയും തെങ്ങുമാണു് അധികം ചെത്തി കള്ളെടുക്കുന്നതു്. ഇഗ്ലീവപേത്തർ താലൂക്കിൽ പല ഭാഗങ്ങളിലും തെങ്ങുചെത്തു വ്യവസായമാണു് നടന്നുവരുന്നതു്. പഞ്ചസാരക്കു വില ക്രമാതീതമായി വർദ്ധിച്ചുവരുന്നു. ചില സ്ഥലങ്ങളിൽ പഞ്ചസാര കിട്ടുവാൻ വളരെ പ്രയാസമായിരിക്കുന്നു. അതുകൊണ്ടു് ഈ വ്യവസായത്തിനു കൂടുതൽ പ്രോത്സാഹനം കൊടുക്കേണ്ടതു് അത്യന്താപേക്ഷിതമാണു്. നിവൃത്തിയുള്ളിടത്തോളം നമുക്കു ചക്കരയിൽ നിന്നു പഞ്ചസാരയുണ്ടാക്കണം. എല്ലാ വില്ലേജിലും പഞ്ചസാര ഉപയോഗിച്ചു വന്നിരുന്ന അളകം പാട്ടുള്ളിടത്തോളം കാലം ചക്കര ഉപയോഗിക്കുകയെന്നുവെക്കണം. ചക്കരയിൽ നിന്നു പഞ്ചസാര എടുക്കുന്നതായ ഒരു കുടിൽവ്യവസായം ഉണ്ടാക്കുന്നതിനു കഴിഞ്ഞയാണ്ടിൽ ഒരു പദ്ധതിയുണ്ടാക്കുകയും, ബഡ്ജറ്റിൽ അതിനു രണ്ടായിരം ഉറുപ്പിക കൊള്ളിക്കയും ചെയ്തിരുന്നു. അതിൽ ഏതാണ്ടു സംഖ്യ അവിടെയുള്ള ഒരു പരസ്പരസഹായസംഘത്തിനു പരീക്ഷാർത്ഥം കൊടുക്കുകയാണുത്തമം. ചക്കരചെത്തു ലൈസൻസു സമ്പ്രദായത്തിന്റെ മറ പിടിച്ചുകൊണ്ടു് ഗവൺമെണ്ടു് പ്രവൃത്തിച്ചുതിൽ വളരെ വിഷമതകളും പ്രയാസങ്ങളും വരുത്തിക്കൂട്ടിയിട്ടുണ്ടു്. ഈ ആവശ്യത്തിനുവേണ്ടി ഉണ്ടാക്കീട്ടുള്ള സ്ഥാപനങ്ങളെയാണു് ഗവൺമെണ്ടു് പ്രോത്സാഹിപ്പിക്കേണ്ടതു്. ഇതു് ഈഴവരുടെ ഒരു വ്യവസായമാണെങ്കിലും ഈഴവ സമുദായത്തിന്റെ തനിച്ചുള്ള കാര്യമല്ല.

മിസ്റ്റർ വി. കെ. കുട്ടി: ആരാണു് ധരിക്കുന്നതു്?

മിസ്റ്റർ സി. വി. ഇയ്യു: ഈ തൊഴിൽ എല്ലാവക്കും ചെയ്യാം. ഈഴവർ കള്ള് കൊടുക്കാതേയും ചെത്താതേയും വരികയാണെങ്കിൽ നായന്മാരും ക്രസ്ത്യാനികളും അതുകൊണ്ടു ബുദ്ധിമുട്ടരുതു്. അതിനു ഈ വ്യവസായത്തെ കഴിയുന്നതും പ്രോത്സാഹിപ്പിക്കണം. ആദായകരമാക്കുമാണെന്നുകണ്ടാൽ നിശ്ചയമായും മറ്റു ജാതിക്കാർ ഈ പ്രവൃത്തിയെടുക്കാതെ ഇരിക്കുകയില്ല. അതു ആദായകരമാക്കി തീർക്കുകയാണു് ഗവൺമെണ്ടു് ചെയ്യേണ്ടതു്. അതി

LIBRARY ARCHIVES Kerala Legislative Assembly